**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3234** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജോലിക്കിടയിൽ അപകടത്തെ തുടർന്ന് മരണപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജോലിക്കിടയിൽ അപകടത്തെ തുടർന്ന് മരണപ്പെട്ട കണ്ണൂർ ജില്ലയിലെ കുന്നത്ത് പറമ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ അശോകന്റെ പെൻഷനും അനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലങ്കിൽ ആയതിന്റെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുടുംബ പെൻഷനും ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ഇതുവരെയായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടില്ല. അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പരേതനായ അശോകന്റെ കുടുംബത്തിന് പെൻഷനും ആനുകൂല്യങ്ങളും എന്ന് ലഭ്യമാക്കും എന്ന് അറിയിക്കാമോ; | (ബി) | പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടില്ല. കുടുംബ പെൻഷനും ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും ഇതുവരെയായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടില്ല. അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഹാജരാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ; | (സി) | ഉണ്ട്. പെൻഷൻ ബുക്ക്, മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്, അനുബന്ധം ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ്, കുടുംബ പെൻഷൻ അവകാശി പരേതന്റെ മാതാപിതാക്കളോ മക്കളോ ആണെങ്കിൽ വരുമാന സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| (ഡി) | ഇത് സംബന്ധിച്ച് കേരള മുഖ്യ മന്ത്രിയുടെ അദാലത്തിൽ മുൻ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. ടി.പി.രാമകൃഷ്ണൻ സമക്ഷം നൽകിയ പരാതിയിന്മേൽ അന്വേഷണത്തിനായി കോഴിക്കോട് ജില്ല കളക്ടറെ ചുമതലപ്പെടുത്തിയിരുന്നതിൻ പ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | വടകരയിൽ വച്ച് നടന്ന സാന്ത്വന സ്പർശം അദാലത്തിൽ അശോകന്റെ ഭാര്യ നൽകിയ പരാതി, കോഴിക്കോട് ജില്ലാ കളക്ട്രേറ്റിൽ നിന്നും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചു കൊടുത്തിരുന്നു. ടി വ്യക്തിയുടെ ആശ്രിതനായ ശ്രീ.അഭിജിത്ത്.ബി-യ്ക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള അനുമതി നൽകി സ.ഉ (കൈ) നം.96/2019/ആ.കു.വ തീയതി 03.07.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ടിയാന് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ